<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1880</u> <u>08-02-2023 - ൽ മറുപടിയ്ക്ക്</u>

<u>ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര കളിസ്ഥലങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; ഇതിനു വേണ്ടി എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്; | (എ) | **വിവിധ ജനപ്രതിനിധികളിൽ നിന്നും ലഭ്യമായ പ്രൊപ്പോസലുകൾ ടി പദ്ധതിയുടെ സ്ക്രൂട്ടിനി കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്ത 113 കളിസ്ഥലങ്ങൾ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായി വരുന്ന ഒരു കോടി രൂപയിൽ സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകൾ സമാഹരിച്ചാണ് പ്രവൃത്തിക്ക് ആവശ്യമായ തുക സമാഹരിക്കുന്നത്. നടപ്പ സാമ്പത്തികവർഷത്തിൽ ടി പദ്ധതിയ്ക്കായി കായികവകുപ്പിൽ 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതി വഴി നവീകരണം ലക്ഷ്യമിടുന്ന കളിസ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ളവയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | **കുറഞ്ഞത് ഒരു ഏക്കർ സ്ഥലത്ത്, മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, മുതലായവയും ഗ്രാമതല സ്പോർട്സ് ഫിറ്റ്നസ് പ്രവർത്തനങ്ങൾ വികസിപ്പിക്കുക, വോളിബോൾ കോർട്ടുകൾ, ബാസ്കറ്റ്ബോൾ, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്ലെറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫിഷോപ്പ്, ഇൻഡോർ കോർട്ടുകൾ, പ്രാദേശിക ഡിമാന്റ്/ആവശ്യകത, ഫണ്ട്, ലഭ്യത എന്നിവ അനുസരിച്ച് ഫുട്ബോൾ ടർഫുകളും സിന്തറ്റിക് കോർട്ടുകളും, മൾട്ടി സ്പോർട്സ് അരീനകളും ഫിറ്റ്നെസ് പവലിയനുകളും, സ്വിമ്മിംഗ് പൂൾ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന ആസ്തികളും കൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.** |
| (സി) | മലപ്പുറം മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി നടപ്പാക്കുന്ന ഇരുമ്പുഴി ഗവ. ഹയർ | (സി) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ മലപ്പുറം മണ്ഡലത്തിലെ ഇരുമ്പുഴി** |

| | | | |
|---|---|---|---|
| | സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദീകരിക്കാമോ? | | **ഗവ.ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് ഉൾപ്പെട്ടിട്ടുണ്ട്. ടി സ്കൂൾ ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായി തുക അനുവദിച്ച കൊണ്ട് എം.എൽ.എ യുടെ കത്തോ, ജില്ലാ കളക്ടറുടെ കത്തോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ